ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 14 | ലക്കം 1 | ഒക്ടോബർ 2011 | പേജ് 4

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി



കുഴിമറ്റം: സെന്റ് ജോർജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 2011 ജൂൺ 19-ന് നിർവ്വഹിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ഇടവക നിർമ്മിച്ചു കൊടുത്ത ഭവനത്തിന്റെ താക്കോൽദാനവും MAF- ന്റെ 10-ാം വാർഷിക സ്മരണിക പ്രകാശനവും റവന്യൂ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. യുവജനപ്രസ്ഥാനം പ്ലാറ്റിനം ജൂബിലി പദ്ധതിയായ ഭവനനിർമ്മാണത്തിന്റെ ആദ്യ സംഭാവന യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ ഇടവകാംഗമായ ടി. കെ. ഫിലിപ്പോസിൽ നിന്ന് സ്വീകരിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ മാർഗ്ഗരേഖ യുവജനപ്രസ്ഥാനം സെക്രട്ടറി വിശാൽ അലക്സ് അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫാ. എ. വി. വർഗീസ്, ഇടവക ട്രസ്റ്റി പി. ഐ. സാബു, യൂണിറ്റ് വൈസ് പ്രസിഡന്റ് രാജ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ നടത്തപ്പെടുന്നതാണ്. 2012 ഏപ്രിലിൽ സമാപിക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് സി. ആർ. ഗീവർഗീസ് ജനറൽ കൺവീനറായും സജിൻ പി. സാജൻ ജോയിന്റ് കൺവീനറായും നേതൃത്വം വഹിക്കും.

- ജോർജിയൻ ടീം

ക്രിയാത്മകതയുടെ കൂട്ടായ്മയ്ക്ക് 75 സംവത്സരം

കുഴിമറ്റം സെന്റ് ജോർജ് ഇടവകയിലെ യുവജനങ്ങളുടെ ആത്മീയ ചൈതന്യത്തിനും പരിപോഷണത്തിനും ഒപ്പം നാടിന്റെയും ഇടവകയുടെയും സമഗ്ര പുരോഗതി ലക്ഷ്യമാക്കി കഴിഞ്ഞ 75 വർഷങ്ങളായി ഇടവകയുടെ കാവൽപിതാവായ വി. ഗീവർഗീസ് സഹദായുടെ നാമധേയത്തൽ ആ പ്രസ്ഥാനം പ്രവർത്തിച്ചു വരുന്നു. ആത്മീയ വളർച്ചയ്ക്കൊപ്പം ഇന്നത്തെ സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കുവാനും സാംസ്കാരിക സാമ്പത്തിക മേഖലകളിലുണ്ടാകുന്ന ഗതിമാറ്റത്തിൽ യുവജനങ്ങൾ പതറാതെ നിൽക്കുവാനുള്ള ആത്മീയ അവബോധം സൃഷ്ടിക്കുവാൻ കഴിയുന്ന 'പഠന' പ്രക്രിയയും തങ്ങളുടെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്ന സ്തുതിചൊവ്വാക്കപ്പെട്ട 'ആരാധന'യും സമഭാവനയിലധിഷ്ഠിതമായ 'സേവന'ത്തിന്റെ പുത്തൻരൂപവും ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്രയാണ്.

ചരിത്രത്തിന്റെ തങ്കലിപികൾ

മലങ്കരയടിസ്ഥാനത്തിൽ യുവജനപ്രസ്ഥാനം സംഘടിപ്പിക്കുന്നതിന് മുൻപ് തന്നെ ഈ ഇടവകയിലെ യുവജനങ്ങൾ ഒന്നിച്ചു കൂടി പ്രാർത്ഥിക്കുകയും വേദപഠനം നടത്തുകയും ചെയ്തിരുന്നു. മലങ്കര സിറിയൻ ക്രിസ്ത്യൻ യുവജനസമാജം രൂപം കൊള്ളുകയും 1937-ൽ പി. ജെ. ദാനിയേൽ ക്ലേറി (പിന്നീട് ദാനിയേൽ മാർ പീലക്സിനോസ്) സമാജത്തിന്റെ പ്രഥമ സെക്രട്ടറിയായി നിയമിതനാവുകയും ചെയ്ത കാലഘട്ടത്തിലാണ് നമ്മുടെ പള്ളിയിലും യുവജനപ്രസ്ഥാനം രൂപംകൊള്ളുന്നത്.

2006 - 07 വർഷത്തിൽ മലങ്കരസഭയിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാനത്തിനുള്ള പ്രസിഡന്റ്സ് അവാർഡ്, 1972-73, 1998-99, 2003-04 എന്നീ വർഷങ്ങളിൽ കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും മികച്ച യൂണിറ്റിനുള്ള ബഹുമതിക്ക് അർഹമായിട്ടുണ്ട്. നിരവധി തവണ പള്ളം ഡിസ്ട്രിക്റ്റിലെ മികച്ച പ്രസ്ഥാനമായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായ ജോർജിയൻ 2006-07 വർഷത്തിലെ ഭദ്രാസനത്തിലെ മികച്ച യൂണിറ്റ് പ്രസിദ്ധീകരണത്തിനുള്ള ചീഫ് എഡിറ്റേഴ്സ് ട്രോഫിക്ക് അർഹമായി.

പ്ലാറ്റിനം ജൂബിലി

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമായി 2011-2012 വിപുലമായ പരിപാടികളോടെ നടത്തപ്പെടുകയാണ്. 75- ാം വാർഷികത്തിൽ യുവതികൾ ഉൾപ്പെടെ 75 അംഗങ്ങളുടെ കൂട്ടായ്മയിലും ദൈവകൃപയിലും ആശ്രയിച്ച് 75 ൽ അധികം പരിപാടികൾ ക്രമീകരിച്ചിരിക്കുകയാണ്. യുവജനങ്ങളുടെ കർമ്മപദ്ധതികൾ വിജയിപ്പിക്കുവാൻ ഏവരുടെയും സഹായസഹകരണങ്ങൾ പ്രാർത്ഥനാനിർഭരമായി അഭ്യർത്ഥിക്കുന്നു.

മലങ്കരസഭയുടെ അഭിമാനമായ കേരള മുഖ്യമന്ത്രി ബഹു. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത പ്ലാറ്റിനം ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് ഭവനരഹിതരായ ഒരു ഇടവകാംഗത്തിന് ഭവനനിർമ്മാണം, ഇടവകാംഗങ്ങളുടെ സമ്പൂർണ്ണ വിവരങ്ങളടങ്ങിയ ഇടവക ഡയറക്ടറി, ഇടവകയ്ക്കായ് ഒരു വെബ്സൈറ്റ്, പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി സുവനിയർ എന്നിവ പ്രസിദ്ധീകരിക്കും. ഇടവക ഒരു കുടുബം പദ്ധതിയോടനുബന്ധിച്ച് എല്ലാ വാർഡുകളിലും കുടും

(ശേഷം രണ്ടാം പേജിൽ)

പ്ലാറ്റിനം ജൂബിലി ലോഗോ

അഭയം

എന്നും മഴ മനസ്സിലേക്ക് കോരിയിടുന്ന ചിന്ത 'അഭയം' തന്നെയാണ്. അപ്പോൾ അഭയമില്ലാത്തവർക്കോ?
നമ്മുടെ ദേവാലയ മുറ്റത്തെ ഒരു മഴക്കാല കാഴ്ച.
പ്ലാറ്റിനം ജൂബിലി പദ്ധതിയായ ഭവന നിർമ്മാണത്തിന് ഒരു കൈ സഹായിക്കൂ.

അഭിനന്ദനങ്ങൾ



ഓർത്തഡോക്സ് യുവജനം എഡിറ്ററായ രാജ് ഫിലിപ്പ്

അഭിനന്ദനങ്ങൾ

റവന്യൂ മന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് രഞ്ജു കെ. മാത്യു

ജോർജിയൻ

ഒക്ടോബർ 2011

പുസ്തകം 14 ലക്കം 1

എഡിറ്റോറിയൽ

യുവത്വം

"All the seeds of today are the flowers of tomorrow"

ഇന്നത്തെ മൊട്ടുകളാണ് നാളെയുടെ മലരുകൾ. പ്രതീക്ഷയുടെ ഉദയമാണ് യുവ ജനങ്ങൾ. കാലത്തിനൊപ്പം കാലാതീതമായ ചിന്തകൾ മനസ്സിലുള്ളവർ. കാൾട്ടൺ എന്ന ചിന്തകൻ പറയുന്നു. ''അഗ്നിയില്ലാത്ത യുവത്വം അനുഭവങ്ങളില്ലാത്ത വാർദ്ധക്യ തുല്യമാണ്.'' എന്നാൽ യുവജനങ്ങൾ, ഇന്ന് ദിശാബോധം ഇല്ലാതെ ചുറ്റുന്നു. ദിശയില്ലാതെ ഉള്ള ഈ കറക്കത്തിൽ അറിവുകൾ അന്യമാകുന്നു.

യുവത്വത്തിന്റെ ഏറ്റവും വലിയ പ്രത്യേകത സ്വപ്നങ്ങളാണ്. വർണ്ണശബളമായ സ്വപ്നങ്ങൾ യുവത്വത്തിന്റെ ചിന്തകൾക്ക് ആക്കം കൂട്ടുന്നു. പുത്തൻ പ്രതീക്ഷകളുടെ നിറകുടമാണ് യുവജനങ്ങൾ. പലപ്പോഴും യുവജനങ്ങൾക്ക് അർഹിക്കുന്ന സ്ഥാനങ്ങൾ ലഭിക്കുന്നില്ല. നാളെയുടെ നെടും തൂണായി മാറേണ്ട യുവത്വത്തെ അനധികൃതമായി പിടിച്ചുകെട്ടുന്നു.

ബന്ധങ്ങളുടെ വിലയറിയേണ്ട കാലഘട്ടമാണ് യുവത്വം. പലപ്പോഴും യുവത്വത്തിന് അത് തിരിച്ചറിയുവാൻ സാധിക്കുന്നില്ല. നന്മ തിന്മകളെ തിരിച്ചറിയേണ്ട കാലഘട്ടം കൂടിയാണിത്. അതിനാൽ നന്മയെ തിരിച്ചറിഞ്ഞ് തിന്മയെ വെടിഞ്ഞ് കാലികമായ മാറ്റങ്ങൾക്കൊത്ത് ജീവിക്കേണ്ടത് അനിവാര്യമാണ്.

നമുക്ക് ലഭിച്ചിരിക്കുന്ന താലന്തുകൾ നഷ്ടപ്പെടുത്താതെ, ആവശ്യനേരത്ത് കാര്യങ്ങൾ കൃത്യതയോടും വ്യക്തമായും പറയുവാനുള്ള കഴിവ് നാം ആർജ്ജിക്കണം.

യൗവനത്തിൽ ആത്മാക്കളെ ശുദ്ധീകരിക്കുവാനും നിരൂപണങ്ങളെ സ്ഫുടം ചെയ്യുവാനും ചിന്തകളെ വെടിപ്പാക്കുവാനും സാധിക്കട്ടെ.

സജിൻ പി. സാജൻ
(എഡിറ്റർ)

ജോർജിയൻ

രക്ഷാധികാരി

ഫാ. എ. വി. വർഗീസ് ആറ്റുപുറം

എഡിറ്റർ

സജിൻ പി. സാജൻ പട്ടശ്ശേരിൽ

എഡിറ്റോറിയൽ ബോർഡ്

രഞ്ജു കെ. മാത്യു
കരോട്ടുപുത്തൻ പുരയ്ക്കൽ
രാജ് ഫിലിപ്പ് മുതലകേരിൽ
അരുൺ മർക്കോസ് മാടപ്പാട്ട്
ഗീവർഗീസ്. സി. ആർ ചിറപ്പുറം

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

അജയ് കൊട്ടാരക്കര

ബോൺ എഗെയ്ൻ

ലേഖനം

ഫാ. എ. വി. വർഗീസ് ആറ്റുപുറം (വികാരി)

''താങ്കൾ വീണ്ടും ജനിച്ചിട്ടുണ്ടോ''? ഇന്നത്തെ നസ്രാണി നേരിടുന്ന ഒരു പ്രധാനപ്പെട്ട ചോദ്യമാണിത്. എവിടെ നിന്നോ കറങ്ങിത്തിരിഞ്ഞു വരുന്ന ഇന്നലെ പൊട്ടി മുളച്ച ഏതോ സെക്ടേറിയൻ ഗ്രൂപ്പിലെ പാസ്റ്റർ വന്ന് നമ്മുടെ നസ്രാണി കുടുംബത്തിൽ ഈ ചോദ്യമെറിയുമ്പോൾ ചൂളിപ്പോകുന്നത് വർഷങ്ങളുടെ മേനി പറഞ്ഞു നടക്കുന്ന നമ്മുടെ ക്രൈസ്തവ പാരമ്പര്യമാണ്.

വി. യോഹന്നാന്റെ സുവിശേഷം 3:3 ൽ യേശു തമ്പുരാൻ നിക്കോദിമോസിനോട് പറയുന്നു. "നീ വീണ്ടും ജനിക്കുന്നില്ലയെങ്കിൽ സ്വർഗ്ഗരാജ്യം കാൺമാൻ കഴിയുകയില്ല. വെള്ളത്താലും ആത്മാവിനാലും (Water and Spirit) ജനിച്ചില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല." വി. വേദപുസ്തക വെളിച്ചത്തിൽ ഈ വാക്യം പരാമർശിച്ച് നമ്മുടെ മുമ്പാകെ പുതിയ രക്ഷാസുവിശേഷം പ്രസംഗിക്കുന്നവർ ഏതോ പുതിയ വീണ്ടും ജനനം പ്രാപിച്ചുവെന്ന് വിശ്വസിച്ച് അവരുടെ പുറകെ ഇറങ്ങിപ്പുറപ്പെടുമ്പോൾ നമ്മുടെ സഭ പഠിപ്പിക്കുന്ന വീണ്ടും ജനന പ്രക്രീയയുടെ അന്തഃസത്ത ബോദ്ധ്യപ്പെടുന്നില്ലയെന്നതാണ് ദുഃഖ സത്യം.

വി. സഭയിലെ ആദ്യകൂദാശയായ വി. മാമ്മോദീസാ വഴിയായി നാം യേശുക്രിസ്തുവിൽ നടക്കുവാനാരംഭിക്കുന്നു (Walk in the newness of life). ഈ കഴുകലിൽ കൂടി വീണ്ടും ജനനം പ്രാപിച്ച് വി. മൂറോനഭിഷേകം സ്വീകരിച്ച് പരിശുദ്ധാത്മാഭിഷേകം ആർജ്ജിക്കുന്നു. ദൈവത്തിന്റെ കരുണയാൽ നാം ദൈവമക്കളായിത്തീരുന്നു. (യോഹ: 1: 12, 13, പത്രോസ് 1: 3) വി. മാമ്മോദീസായിൽ കൂടി ക്രിസ്തീയ വിശ്വാസത്തിന്റെ 4 അടിസ്ഥാന പ്രമാണങ്ങൾ ആയ വീണ്ടും ജനനം, ദൈവരാജ്യപ്രവേശനം, പുത്രത്വം, നിത്യജീവൻ എന്നിവ നേടുന്നു. അങ്ങിനെ 'ബോൺ എഗെയ്ൻ' വാദികൾ അവകാശപ്പെടുന്ന രക്ഷാസിദ്ധാന്തം ഇളം പ്രായത്തിൽ തന്നെ നാം കൈവശമാക്കുന്നുണ്ട്. അതിൽ ജീവിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ഇത് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ, നിത്യവും ദൈവവചനത്തിലും സത്യാരാധനയിലും ജീവിതം കഴിക്കുമ്പോൾ ലഭിക്കുന്ന ഒരു ആത്മീയ പ്രചോദനമാണ് (1 പത്രോസ് 2: 1 – 2). അത് സ്വായത്തമാക്കുവാൻ എത്രയും നേരത്തെ ഒരു കുട്ടിയെ ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടത് ഏതൊരു മാതാപിതാക്കളുടെയും ചുമതലയാണ് (വി. മത്താ: 19:14).

വി. മർക്കോസ് 21:2–ൽ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ട് കർത്താവ് തളർവാതരോഗിയെ സൗഖ്യമാക്കുന്നു. സഭയിലെ കുഞ്ഞുങ്ങളെ അപ്രകാരം സമർപ്പിക്കുന്നുവെങ്കിൽ യേശുവിന്റെ അനുഗ്രഹം അവർ തീർച്ചയായും പ്രാപിക്കും. അപ്പോൾ അവർക്ക് ശൈശവാവസ്ഥയിൽ ആ രക്ഷയെ തടയുന്നുവെങ്കിൽ നാം അവരോടു തന്നെ ചെയ്യുന്ന ഒരു പാതകമായിരിക്കില്ലെയെന്ന് ചിന്തിക്കേണ്ടതാണ്. അതേ, നാം Born Again ആണ്. ആ രക്ഷാ ചൈതന്യത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ വളരുകയാണ് നമ്മുടെ ലക്ഷ്യം. അവിടെ തടസ്സങ്ങളുണ്ടാകാം. അവയെ അവഗണിച്ചും അതിജീവിച്ചും നമുക്കു മുന്നോട്ടു പോകുവാൻ കഴിയട്ടെ.

75–ാം വർഷം 75 പരിപാടികൾ

(ഒന്നാം പേജിൽ നിന്നും)

ബാരാധനായോഗങ്ങൾ, ആത്മീയ സംഘടനകളുടെ സംയുക്ത സമ്മേളനങ്ങൾ, ഓണത്തോടനുബന്ധിച്ച് സാംസ്കാരികസമ്മേളനം, കുടുംബ വിനോദയാത്ര, മാതൃ–പിതൃ സംഗമം, കലാകായിക മത്സരങ്ങൾ എന്നിവ നടത്തും.

To a bright future എന്ന വിദ്യാദീപം പദ്ധതിയോടനുബന്ധിച്ച് വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതി, സഹായപദ്ധതി, വിദ്യാഭ്യാസ സ്കോളർഷിപ്പ്, പരീക്ഷാ മാർഗ്ഗനിർദ്ദേശ ക്ലാസ്, വ്യക്തിത്വവികസന ക്ലാസ്സ്, Aptitude ടെസ്റ്റ് കോച്ചിംഗ് എന്നിവ നടത്തും.

യുവജനവാരാഘോഷത്തോടനുബന്ധിച്ച് ഭവനസന്ദർശനം, വസ്ത്രശേഖരണം, ബഥനി ആശ്രമ സന്ദർശനം, പള്ളി ശുചീകരണം, കലാ–കായിക മത്സരങ്ങൾ, ഡിഡേറ്റുകൾ, കിസ് മത്സരം, ഉത്രാടനിലാവ് (സാംസ്കാരിക സമ്മേളനം), കുടുംബാരാധനയോഗം എന്നിവ സംഘടിപ്പിക്കുന്നു.

മാർത്തോമ പൈതൃകം എന്ന പേരിൽ സെന്റ് തോമസ് അനുസ്മരണം, കിസ് മത്സരം, ഉപന്യാസരചനാ മത്സരം, തലമുറകളുടെ സംഗമം, മുൻകാല പ്രവർത്തകരെ ആദരിക്കൽ, പിതൃപ്രണാമ നിശയും ചെറിയ പെരുന്നാൾ ആഘോഷവും, കാതോലിക്കാദിനാഘോഷം, സുറിയാനി കുർബ്ബാന എന്നിവ നടത്തുന്നു.

വി ടേൺ പദ്ധതിയോടനുബന്ധിച്ച് മദ്യ വിരുദ്ധദിനാചരണം, മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേകം കൗൺസിലിങ്ങ് ക്ലാസ്സുകൾ, വാർഷിക ധ്യാനം, തുടങ്ങിയ പരിപാടികൾ നടത്തും.

നാടിന്റെ സ്പന്ദനം ആത്മാവിൽ ആവാഹിച്ച യുവത്വം ഇന്ന് 75 ന്റെ നിറവിൽ. കണ്ണിമ ചിമ്മാതെ കാലത്തിന് മുമ്പേ നടക്കുന്ന പ്രസ്ഥാനം 'ആരാധന, പഠനം, സേവനം എന്നീ തത്വങ്ങൾ സമന്വയിപ്പിച്ച് ജനക്ഷേമ പ്രവർത്തനങ്ങളുമായി പ്ലാറ്റിനം ജൂബിലി വർഷത്തിൽ.

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ആശ കൊട്ടാരക്കര

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ആലീസ് & ഫാമിലി

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക. **എഡിറ്റർ, ജോർജിയൻ, സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്, കുഴിമറ്റം പി. ഒ. കോട്ടയം പിൻ: 686 533**

ആഗസ്റ്റ് 15 ഒരോർമ്മ

ജിക്കു തോമസ്

സ്വാതന്ത്ര്യദിനം എങ്ങനെ വ്യത്യസ്തമാക്കാം എന്ന ആലോചനയിൽ മുഴുകിയപ്പോഴാണ് 'ജുവനൈൽ ഹോം' സന്ദർശനം എന്ന ചിന്ത പ്രസ്ഥാനത്തിൽ ഉദിച്ചത്. അക്ഷര ജില്ലയുടെ അങ്ങേക്കോണിൽ തിരുവഞ്ചൂരിൽ സ്ഥിതിചെയ്യുന്ന ജുവൈനൽ ഹോമിലേക്കുള്ള യാത്രാവേളയിൽ മൂവർണ്ണക്കൊടികളുമായി സ്വാതന്ത്ര്യം ആഘോഷിക്കുന്ന കുരുന്നുകളെ കണ്ടു. വിരോധാഭാസം എന്നു തോന്നി. സ്വാതന്ത്ര്യത്തിന്റെ മംഗളങ്ങൾ നേരാൻ സ്വാതന്ത്ര്യത്തിന്റെ കയ്പുനുകരുന്നവരുടെ അടുത്തേക്ക്!

54 കുട്ടികളും 7 വാർഡന്മാരുമടങ്ങുന്ന ആ സംഘത്തിലേക്ക് ക്ഷണിക്കാതെത്തിയ മഴയുടെ അകമ്പടിയോടെ ഞങ്ങൾ ചെന്നു. മിഥ്യാധാരണകളുടെ മുഖംമൂടി പിച്ചിച്ചീന്തുവാൻ ഈ സന്ദർശനം ഞങ്ങളെ സഹായിച്ചു. ജുവൈനൽ ഹോം എന്നാൽ കുറ്റം ചെയ്തവരുടെ താവളമല്ലെന്നുള്ള അറിവായിരുന്നു ഇതിൽ പ്രധാനം. ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിങ്ങനെയുള്ള 2 വിഭാഗങ്ങളിലായി ഇതിനെ തിരിച്ചിരിക്കുന്നു. സാമ്പത്തികമായും, വൈകല്യങ്ങൾ മൂലവും ഒറ്റപ്പെടുന്ന കുട്ടികളാണ് ചിൽഡ്രൻസ് ഹോമിൽ ഉള്ളത്. എന്നാൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ പാർപ്പിച്ചിരിക്കുന്ന ഒബ്സർവേഷൻ റൂമിൽ വെറും നാലുപേർ മാത്രമേയുള്ളൂ എന്നതാണ് സത്യം. പാട്ടും കളികളുമായി രണ്ടു മണിക്കൂർ ഈ കുട്ടികൾക്കൊപ്പം ചിലവഴിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി. പ്രതിഭയുടെ നിഴൽ ഇവരിൽ പലരിലുമുണ്ട്. പഠിക്കുന്ന സ്കൂളുകളും ഉൾപ്പെടുന്ന സമൂഹവും കുറ്റവാളികൾ എന്ന ലേബലിൽ ഇവരെ കാണുന്നതിനെക്കുറിച്ച് മെയിൻ വാർഡൻ ഞങ്ങളോടു വിവരിച്ചു. ഭക്ഷണം ഒഴികെയുള്ള കാര്യങ്ങളിൽ നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി കിടക്കുന്ന ഇവരുടെ ആവശ്യങ്ങളെപ്പറ്റിയും അറിയുവാൻ കഴിഞ്ഞു. ലൈബ്രറിയും കമ്പ്യൂട്ടർ ലാബും ഉൾപ്പെടുന്ന ഈ കുട്ടികളുടെ ലോകം എത്ര വിശാലമാണെന്നും ഞങ്ങൾ അറിഞ്ഞു. നാലു വയസുകാരൻ തൊട്ട് ബി എസ് സി കമ്പ്യൂട്ടറിന് പഠിക്കുന്ന യുവാവ് വരെ ഇവിടുത്തെ അന്തേവാസിയാണ്.

ജുവൈനൽ ഹോം എന്ന സങ്കൽപ്പം കീഴ്മേൽ മറിക്കുന്നതായി മാറി ഈ സന്ദർശനം. വെള്ളിയാഴ്ചകളിൽ 'കുട്ടികളുടെ കോടതി' സമ്മേളിക്കുന്ന ഹാളിൽ ഇരിക്കുമ്പോൾ ഒരു യാഥാർത്ഥ്യം മനസ്സിൽ നുരഞ്ഞുപൊങ്ങി. സ്വാതന്ത്ര്യത്തിന്റെ വില എന്താണ് എന്ന കാട്ടിത്തരുവാൻ ഈ കുരുന്നുകൾ വേണ്ടിവന്നല്ലോയെന്ന്.

"ആഴത്തിലറിഞ്ഞാൽ അറിവ് കൂടും" എന്ന ചൊല്ലിനെ അന്വർത്ഥമാക്കും വിധം ആരും കാണാത്ത ഇവരുടെ ദുരിതങ്ങൾ അറിയാൻ കഴിഞ്ഞു. വസ്തുക്കളുടെ അപര്യാപ്തതയും സ്ക്കൂളുകളിൽ ചേർക്കുമ്പോൾ നേരിടുന്ന തിക്താനുഭവങ്ങളും കേട്ടപ്പോൾ അറിയാതെ നെഞ്ചു പിടച്ചു. വീണ്ടുമെത്തുമ്പോൾ വസ്ത്രങ്ങളുമായി വരാം എന്നു പറഞ്ഞിറങ്ങിയപ്പോൾ ആകുരുന്നുകൾ ഞങ്ങളോടായി പറയാതെ പറഞ്ഞു.

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം.

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ഒരു വിശ്വാസി

ലേഖനം

ആത്മാവിനെ ദൈവസ്നേഹത്തിൽ നിറയ്ക്കുക

ഷെറിൻ എസ്. കുറ്റിക്കണ്ടത്തിൽ

അനുതാപത്തിന്റെയും ആത്മീയ ഒരുക്കത്തിന്റെയും അവസരമാണ് നോമ്പ്. ഇന്ന് നോമ്പ് എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉയരുന്ന ചിന്ത മത്സ്യം, മാംസം, മുട്ട എന്നിവ വെടിയേണ്ട അവസരം എന്ന അർത്ഥത്തിലാണ്. എന്നാൽ അത് നോമ്പിന്റെ ശരിയായ ഒരു ചിത്രമല്ല. അതുപോലെ തന്നെ ആത്മികവും ആന്തരികവുമായ ഒരുക്കത്തിന്റെ പ്രതീകമായിട്ടാണ് ഭക്ഷണത്തിൽ നിന്നും ഉപവസിക്കുന്നത്. ഭക്ഷണ കാര്യങ്ങളിൽ ചില വർജ്ജനങ്ങൾ ആചരിച്ചതു കൊണ്ടു മാത്രമായില്ല. അനുതപിച്ച് ദൈവോന്മുഖമായി ജീവിക്കുന്നുയെന്ന അർത്ഥത്തിലാണ് ഭക്ഷണം ഉപേക്ഷിക്കുന്നത്. ഭക്ഷണത്തിലും ലൗകീകസുഖങ്ങളിലും ആശ്രയിച്ച് നശിപ്പിച്ചുകളയുവാനുള്ളതല്ല മനുഷ്യശരീരം. ഉപവാസം കൊണ്ട് അർത്ഥമാക്കുന്നത് ജീവിത പരിവർത്തനമാണ്. യഥാർത്ഥ ജീവിത പരിവർത്തനമെന്നത് പാപബോധമുണ്ടാകുന്നതു മാത്രമല്ല, പാപത്തിന്റെ വഴികളെ പൂർണ്ണമായി ഉപേക്ഷിക്കുന്നതു കൂടിയാണ്. ഉപവാസത്തെ ദൈവരാജ്യാനുഭവത്തിലേക്കുള്ള പരിശീലനമായി കാണേണ്ടിയിരിക്കുന്നു.

ആത്മീകതയുടെ അടിസ്ഥാനമാണ് പ്രാർത്ഥനയും, നോമ്പും, ഉപവാസവും. ഇവ ആത്മതപനത്തിനും, ആത്മശുദ്ധീകരണത്തിനും അവസരം നൽകുന്നു. ഉപവാസത്തിന്റെ അനുഭവത്തിൽ കൂടിയാണ് മനുഷ്യൻ അവന്റെ യഥാർത്ഥ ആത്മീയ സ്വഭാവം കണ്ടെത്തുന്നത്. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്" (വി.ലൂക്കോസ് 4:4) എന്നു തെളിയിക്കുവാനും ലോകത്തിൽ നിന്നുള്ള വെല്ലുവിളിയെ നേരിടുവാനും നോമ്പു സഹായിക്കുന്നു. തിന്മയോടും സകല പൈശാചിക ശക്തികളോടുമുള്ള പോരാട്ടത്തിന്റെ യാഥാർത്ഥ്യം നോമ്പു വ്യക്തമാക്കുന്നു. ഉപവസിക്കുമ്പോൾ അനുഭവപ്പെടുന്ന വിശപ്പ് ദൈവത്തിനു വേണ്ടിയുള്ള വിശപ്പായി മാറണം. അവിടെയാണ് പ്രാർത്ഥനയുടെ ശക്തി മനസ്സിലാക്കുവാൻ സാധിക്കുന്നത്.

പ്രാർത്ഥനയിൽ കൂടി നാം ദൈവത്തോട് അടുക്കുവാൻ ശ്രമിക്കണം. ക്രിസ്തീയ സഭയിൽ അതിന്റെ തുടക്കം മുതൽ പ്രാർത്ഥനയ്ക്കും, ഉപവാസത്തിനും പ്രാധാന്യം ഉള്ളതായി കാണാം. ഉപവാസത്തിൽ കൂടി ചില കാര്യങ്ങൾ നാം ത്യജിക്കണം. ജീവിതത്തെ നിയന്ത്രിക്കുകയും, ധന്യമാക്കുകയും ചെയ്യുന്ന ഘടകങ്ങളാണ് ഇവ. ഉപവാസം നമ്മുടെ സ്വയത്തെ നിയന്ത്രിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ആത്മീകവും ശാരീരികവുമായ പ്രവർത്തനങ്ങളുടെ ശക്തമായ പ്രേരണകളെ നിയന്ത്രിക്കുവാനും ഇത് വളരെയേറെ സഹായിക്കുന്നു.

നാല്പതു ദിവസത്തെ നോമ്പിനും ഉപവാസത്തിനും ശേഷം നാം നമ്മെ തന്നെ ആത്മാർത്ഥമായി പരിശോധിച്ചാൽ വെറും സ്വയതൃപ്തി എന്നതിൽ കവിഞ്ഞ് നാം ഒന്നും നേടിയില്ലയെന്നു കാണാവുന്നതാണ്. നമ്മുടെ പ്രാർത്ഥനയും നോമ്പും ഉപവാസവും എല്ലാം ഈ വിധത്തിൽ ബലഹീനമാകുവാൻ നാം അനുവദിക്കരുത്. ശരീരവും, ആത്മാവും ഒരുപോലെ ബലഹീനപ്പെട്ടാലെ ഇങ്ങനെയുള്ള ഉപവാസം ഫലപ്രദമാകുകയുള്ളൂ. നമ്മുടെ ഉപവാസവും, പ്രാർത്ഥനയും സ്വർഗ്ഗീയ കവാടങ്ങളെ തുറക്കുന്നതിന് പര്യാപ്തമാണോയെന്ന് പിന്നിലേക്കു തിരിഞ്ഞുനോക്കുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കും. തിന്നുകുടിച്ചു മദിക്കുന്നവർക്കല്ല ദിവ്യദർശനങ്ങൾ ഉണ്ടാകുന്നത്. പ്രാർത്ഥനയോടും, ഉപവാസത്തോടുംകൂടി കാത്തിരിക്കുന്നവർക്ക് മാത്രമെ ദിവ്യദർശനങ്ങൾ ഉണ്ടായിട്ടുള്ളൂ.

പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പാമ്പാടി തിരുമേനി, വള്ളിക്കാട്ട് ബാവാ എന്നീ അനേകം പരിശുദ്ധ പിതാക്കന്മാരുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ദിവ്യദർശനങ്ങളെ നമുക്കു വീക്ഷിക്കുവാൻ കഴിയും. കടന്നു പോയ വിശുദ്ധന്മാർ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിൽ ഉപവാസത്തിന് പ്രത്യേകം സ്ഥാനം കൊടുത്തുകൊണ്ട് ദൈവത്തെ ദർശിച്ചിട്ടുള്ളവരാണ്. അവരുടെ പ്രാർത്ഥനയും, ഉപവാസവും, ജീവിതനിഷ്ഠയും സ്വർഗ്ഗീയ കവാടങ്ങളെ തുറക്കുന്നവ ആയിരുന്നു.

എല്ലാ ദിവസങ്ങളും നമുക്ക് ഒരുപോലെയാണെങ്കിലും പിശാചിന്റെ തന്ത്രങ്ങളെക്കുറിച്ച് നാം ജാഗരൂകരാകണം എന്ന് അനുസ്മരിപ്പിക്കുവാനാണ് ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഉപവസിക്കണമെന്ന് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. ദൈവദത്തമായ നമ്മുടെ ശരീരത്തിലെ ഇന്ദ്രിയങ്ങളെ ഉന്മൂലം ചെയ്യുവാനല്ല, പിന്നെയോ, അവയെ നിയന്ത്രിക്കുവാനും ദൈവത്തിന് കാഴ്ചവയ്ക്കുവാനുമാണ് ഉപവാസം സഹായിക്കേണ്ടത്. നാം ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമായി ഉപവാസം തനിയെ നടത്താവുന്നതാണ്. അങ്ങനെ സ്വയം ഒരു ശിക്ഷയായി സ്വീകരിച്ചുകൊണ്ട് കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയും. പൊതുനന്മയ്ക്കും പരിശുദ്ധ സഭയുടെ അനുഗ്രഹത്തിനും ഉപവാസം പ്രയോജനപ്പെടുത്താം.

വി. കുർബ്ബാന അനുഭവിക്കുന്നതിനായി നാം ഉപവസിക്കുന്നുണ്ട്. തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതിനുള്ള വായ്, അതിനുമുമ്പ് മറ്റൊന്നും സ്പർശിക്കുവാൻ അനുവദിക്കുന്നില്ല.ഭക്ഷണ പാനീയങ്ങളെക്കാൾ പ്രാർത്ഥനയ്ക്കും, ഉപവാസത്തിനും മുൻഗണന കൊടുക്കുമ്പോൾ ദൈവതിരുനാമം കൂടുതൽ മഹത്വപ്പെടുന്നതോടൊപ്പം നമ്മുടെ ഈ ചെറിയ ത്യാഗം ഒരു യാഗമായി അംഗീകരിക്കപ്പെടുകയാണ്. ശാരീരികമായ തൃപ്തിയെക്കാൾ ദൈവമഹത്വം പ്രധാനമായി കരുതുന്നവർക്ക് ഇത് പ്രയാസമായിരിക്കുകയില്ല.

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ"(1 കൊരി. 3:16,17). മനുഷ്യശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്. അതിനെ ബഹുമാനത്തോടെ സൂക്ഷിക്കുകയും തിരുനാമമഹത്വത്തിനായി വിനിയോഗിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പ്രാർത്ഥനയാലും, ഉപവാസത്താലും അതിനെ ശുദ്ധീകരിക്കുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഭക്ഷണപാനീയങ്ങളേക്കാൾ ഉപവാസത്താലും പ്രാർത്ഥനയാലും വിശുദ്ധന്മാർ തങ്ങളുടെ ശരീരാത്മദേഹികളെ പോഷിപ്പിക്കുകയും ശക്തരായി തീരുകയും ചെയ്തിരിക്കുന്നു. ഇത് നമുക്കും മാതൃകയാകേണ്ടതാണ്.

പ്രാർത്ഥനയോടും, ഉപവാസത്തോടും നമ്മുടെ ആത്മാവിനെ ദൈവചൈതന്യമുള്ളതായി രൂപാന്തരപ്പെടുത്താം. നമ്മുടെ ശരീരം പരിശുദ്ധാത്മാലയമായി പരിവർത്തനപ്പെടുത്തി ജീവിക്കുവാൻ തമ്പുരാൻ നമ്മെ പ്രാപ്തരാക്കട്ടെ.

അകം

സഖേർ

"അതാ അദ്ദേഹം എന്ന് ഉള്ളിൽത്തട്ടിയ ആദരവോടെ ചൂണ്ടിക്കാട്ടാൻ മലയാളി സമൂഹത്തിൽ വരുംകാലത്ത് നമുക്കൊരാൾ ഇല്ലാതെ പോകുമോ എന്ന ഭയം, കലയിലാകട്ടെ, എഴുത്തിലാകട്ടെ മറ്റേതൊരു സർഗ്ഗമാധ്യമത്തിലാകട്ടെ, കുള്ളന്മാർ വാഴുന്ന കാലം വരാനിരിക്കുന്നു എന്ന പരിഭ്രമം, ജാതിയും മതവും അതിന്റെ മുഴുവൻ പത്തികളോടുംകൂടെ ഇതിനെല്ലാം കുടപിടിച്ച് തുടങ്ങിയിരിക്കുന്നതിന്റെ ജാള്യം, പണം നോക്കി വാ പിളർക്കുന്ന പിണങ്ങൾ സമൂഹത്തിൽ തിങ്ങിത്തുടങ്ങുന്നതിന്റെ ഉത്കണ്ഠ...□ഇതത്രയും എന്നെ പാതിരാത്രി പേനയുമായി ഉണർന്നിരിക്കാൻ പ്രേരിപ്പിച്ചവയാണ്."

സുഭാഷ്ചന്ദ്രന്റെ ഈ വരികൾ കുറെ ദിനങ്ങളായി വല്ലാതെ പിന്തുടരുന്നു. മനുഷ്യന് ഒരു ആമുഖം എന്ന തന്റെ നോവലിന്റെ പ്രാരംഭത്തിലാണ് അയാൾ ഇങ്ങനെ കുറിച്ചിട്ടുള്ളത്. സത്യത്തിൽ ഈ അക്ഷരക്കൂട്ടങ്ങൾ ഒരു നിരാശയല്ല സമ്മാനിച്ചത്, മറിച്ച് എന്തിനൊക്കെയോ ഉള്ള ഒരു പ്രചോദനം പോലെയാണ് വീണ്ടും വീണ്ടും ഓർമ്മയിലേയ്ക്ക് ക്ഷണിക്കാതെ കടന്നുവരുന്നത്. പുതിയ ഒരു ബോധത്തിന് വേണ്ടിയുള്ള വാഞ്ഛയുളവാക്കുന്നു നമ്മുടെ കാലം. നിശ്ചയമായും അത് നിലനില്പിന്റെ അനിവാര്യതയാണ്. ഈ കാലത്തിന്റെ അടയാളങ്ങൾ നമുക്ക് തിരിച്ചറിവുകൾ നല്കുന്നു. തിരിച്ചറിവിന്റെ പാഠങ്ങൾ ഏത് കാലത്തും മനുഷ്യനെ വിനീതനാക്കുവാൻ പോന്നവയാണ്.

തങ്ങൾ ജീവിക്കുന്ന കാലത്തെ വിവേചിച്ചറിയുവാൻ കഴിയാതെ പോയവരോട് പരിഭവിക്കുന്ന ക്രിസ്തുവിന്റെ മുഖമാണ് ഇനി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സിൽ തെളിയേത്. ഒരു ദർപ്പണംപോലെ അത് നമ്മുടെ സ്വരൂപത്തിന്റെ ശോഭയും ശോഭകേടും തിരിച്ചറിയാൻ നമ്മെ സഹായിക്കാനിടയുണ്ട്. നമ്മുടെ അന്വേഷണങ്ങളുടെ പാത യഥാവിധി പുരോഗമിക്കുന്നുവോ എന്ന് നമ്മെ ബോധ്യപ്പെടുത്താനിടയുണ്ട്. സത്യത്തിൽ പ്രാർത്ഥന ഒരു കണ്ണാടിനോട്ടമാണ് എന്ന് പറഞ്ഞാൽ അതെത്ര സുന്ദരമാണ്.

എന്ത് അറിവാണ് നാം തേടേത്? എന്ത് വിവേകമാണ് നാം ആർജ്ജിക്കേത്? മലിനമാക്കപ്പെട്ട ഒരു നദിയാണ് മനുഷ്യനെന്ന് പറഞ്ഞത് ആരാണെന്ന് ഓർമ്മ വരുന്നില്ല, എങ്കിലും അതിൽ കള്ളമുന്നെ തോന്നുന്നില്ല! തെളിമ വീണ്ടെടുക്കലാണ് പ്രധാനം. കാരണം ഉള്ളം നിറഞ്ഞ് കവിയുന്നതാണല്ലോ ശ്രദ്ധിക്കപ്പെടുന്നത്; ഉള്ളിൽ നിന്ന് വരുന്നതാണല്ലോ ശുദ്ധനും അശുദ്ധനുമാക്കുന്നത്! സൂഫികളുടെ ഒരു കഥയുണ്ട്. ഒരിക്കൽ ഒരു സൂഫിഗുരു വനത്തിൽ ധ്യാനിക്കുകയായിരുന്നു. നിത്യവും ഒരു വിറക് വെട്ടുകാരൻ ആ പരിസരത്ത് വന്ന് വിറകുവെട്ടി ഉപജീവനം കഴിച്ചിരുന്നു. ഒരു ദിവസം ഗുരു വിറക് വെട്ടുകാരനെ വിളിച്ചു.

ഗുരു ചോദിച്ചു: "ഒരു ദിവസം മുഴുവൻ മഴ പെയ്താൽ, അസുഖം വന്നാൽ നിനക്ക് പട്ടിണിയാണ്. ഇതിനേക്കാൾ നല്ല വല്ല മാർഗ്ഗവും നീ ചിന്തിച്ചിട്ടുണ്ടോ?"

വിറക് വെട്ടുകാരൻ ഇല്ലെന്ന് തലകുലുക്കി.

"അവിടെ കിളച്ചാൽ ഇരുമ്പിന്റെ അസംസ്കൃതവസ്തുക്കൾ ലഭിക്കും. അവ കൊടുപോയി വിറ്റാൽ ഒരാഴ്ചക്കാലം സുഖമായി കഴിയാം." അയാൾ ആഹ്ലാദത്തോടെ തിരികെപ്പോയി. ആഴ്ചകൾക്കകം മടങ്ങിയെത്തി. ഗുരു വീണ്ടും ചില സ്ഥലങ്ങൾ കാട്ടി. ആദ്യം ചെമ്പ് ലഭിക്കുന്ന സ്ഥലം കാണിച്ചു. മാസങ്ങൾക്ക് ശേഷം വന്നപ്പോൾ വെള്ളിയുടെ ശേഖരം കാണിച്ചു. വിറകുവെട്ടുകാരന്റെ ജീവിതനിലവാരം ഉയർന്നുകൊണ്ടേയിരുന്നു. എന്നിട്ടും അയാൾ വീണ്ടും വന്നു. അപ്പോഴും ഗുരു ചോദിച്ചു. □ഇനിയും മെച്ചമായ ജീവിതം നീ ആഗ്രഹിക്കുന്നുവോ?□ ഇയാൾക്ക് മതിവരാത്തതിനാൽ ഉവ്വ് എന്നുത്തരം നല്കി. ഗുരു സ്വർണ്ണശേഖരം കാട്ടിക്കൊടുത്തു. അതുമായിപ്പോയ അയാൾ വർഷങ്ങൾക്കുശേഷം വീണ്ടും മടങ്ങിയെത്തി. വലിയ സമ്പന്നനായിരുന്നിട്ടും ഗുരുവിന്റെ ചോദ്യത്തിന് അയാൾ നിർലജ്ജം ഉത്തരം നല്കി. തന്റെ ആഗ്രഹം അവസാനിച്ചിട്ടില്ല എന്ന് അയാൾ വെളിപ്പെടുത്തി. താനിരുന്ന സ്ഥലം ചൂണ്ടിക്കൊണ്ട് ഗുരു പറഞ്ഞു: □"ഇവിടെ കിളയ്ക്കുക. ലോകത്തിലേറ്റവും വിലപിടിപ്പുള്ള അമൂല്യമായ രത്നശേഖരമിവിടെ." അത് കരഗതമായ വിറകുവെട്ടുകാരൻ പിന്നീട് ഒരു ചക്രവർത്തിയെപ്പോലെ ജീവിക്കുവാൻ തുടങ്ങി. ഇങ്ങനെ ജീവിതം തുടർന്നു.

ഏതോ ഒരു അപൂർവ്വ നിമിഷത്തിൽ അയാളിൽ ഒരു ചിന്ത മുളച്ചുപൊട്ടി. വെറും ഒരു വിറകുവെട്ടുകാരനായിരുന്ന തന്നെ ഏറ്റവും വലിയ സമ്പന്നനാക്കിയ ആ ഗുരുവിന് ഇതെല്ലാമറിയാമായിരുന്നല്ലോ. എന്നിട്ടുമെന്തേ അദ്ദേഹം കാടിന്റെ ഏകാന്തതയിൽ വെയിലും മഴയും കൊ ക്ഷീണവും ഉറക്കവുമില്ലാതെ ജീവിക്കുന്നു. സന്ദേഹം അയാളെ അസ്വസ്ഥനാക്കി. ഒടുവിൽ അയാൾ ഗുരുസന്നിധിയിലേക്ക് ഓടിയെത്തി. ഗുരു അയാളെ സാന്ത്വനിപ്പിച്ചു: □"ഭൂമിയിൽ സകല സുഖവും സൃഷ്ടിക്കാനുള്ള അമൂല്യനിധി കത്തിയിട്ടും ഒടുവിൽ നീ അസ്വസ്ഥനാകുന്നു. ഒന്നറിയുക, ഈ അനിത്യവസ്തുക്കളല്ല യഥാർത്ഥ സമ്പത്ത്. നിത്യതയുടെ മുദ്രയുള്ള നിന്റെ ആത്മാവാണ്."

ശരിക്കും, ആത്മാവിന്റെ ഫലങ്ങളാണ് നമ്മുടെ യഥാർത്ഥ സമ്പത്ത്. തമ്പുരാൻ പറയുന്നതുപോലെ, 'ഒരുവന് സമൃദ്ധി ഉയാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവൻ ആധാരമായിരിക്കുന്നത്.' ദൈവവിഷയമായി സമ്പന്നനാകാതെ തനിക്ക് തന്നെ നിക്ഷേപിക്കുന്ന മൂഢനെക്കുറിച്ച് ഒരുപമയും പറയുന്നു (വി. ലൂക്കോസ് 12). സകലവും നേടിയാലും ജീവൻ നഷ്ടപ്പെട്ടാൽ എന്ത് പ്രയോജനം? നമ്മുടെ യൗവ്വനത്തിന്റെ സ്വപ്നങ്ങൾ വിവേചിക്കേ കാലമാണിതെന്ന് ഇനിയും പറയേതില്ലല്ലോ! വിദ്യ തേടുന്നവന്റെ ലക്ഷ്യം പ്രജ്ഞയുണരലാണെന്ന് ഭാരതം അനുശാസിക്കുന്നു. നിത്യാനിത്യവസ്തു വിവേകം ഉണരണം. നിത്യവും അനിത്യവുമായവ ഏതെന്ന് വിവേചിക്കുന്നതും നിത്യമായതിനോട് സത്യമായ സന്ധിയുറപ്പുക എന്നതുമാണ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ധർമ്മപദത്തിൽ പറയുന്നു, □'പ്രജ്ഞയില്ലാത്തവൻ എത്ര വായിച്ചിട്ടും കേട്ടിട്ടും ഫലമില്ല. അർത്ഥം ഗ്രഹിക്കില്ല. ഏത്പോലെ? തവി എത്രനേരം കറിയിൽ കിടന്ന് ഇളകിയാലും കറിയുടെ രസം ആസ്വദിക്കാൻ അതിന് സാധിക്കാത്തപോലെ!'□ ഇതാണ് നമ്മുടെ യൗവ്വനത്തിന് ഉാവേ തിരിച്ചറിവ്. □'പണ്ഡ'□ ഉള്ളവനാണ് പണ്ഡിതൻ എന്ന് ശങ്കരഭാക്ഷ്യം. 'പണ്ഡ'□എന്നാൽ ആത്മവിഷയമായ ബുദ്ധി. നിർഭാഗ്യവശാൽ നമ്മുടെ ബുദ്ധി ഭൗതികതയിൽ ഉഴലുകയാണ്. നമ്മുടെ നമസ്ക്കാരപുസ്തകത്തിൽ പറയുന്നതുപോലെ, "ഞങ്ങളുടെ ബുദ്ധി അനാവശ്യകാര്യങ്ങളിൽ ചുറ്റിസഞ്ചരിച്ചിട്ട് ഞങ്ങളുടെ ഗ്രഹണശക്തിയെ നശിപ്പിക്കാതിരിപ്പാൻ..." ആവശ്യവും അനാവശ്യവും തിരിച്ചറിയാൻ നമുക്കാവുന്നില്ല. നമ്മുടെ സ്വഭാവത്തിന് ദൃഢതനഷ്ടമാകുന്നു. വാക്കുകൾക്ക് ശോഭയില്ലാതെ പോകുന്നു.

ഉൾത്തെളിവ് തിരികെപിടിക്കണം. നിത്യമായ പ്രസന്നത നമുക്കുാവണം. ഉവ്വ്, ആന്തരികസ്വച്ഛതയും ഹൃദയചൈതന്യവുംകൊ മാത്രമാണ് കലുഷമായ ഈ കാലത്തെ പ്രതിരോധിക്കാനാവുന്നത്. നിർവ്യാജമായ സ്നേഹം നമ്മെ ശക്തിപ്പെടുത്തും. അനശ്വരമൂല്യങ്ങളോടുള്ള പ്രണയം നമ്മെ സ്വസ്ഥരാക്കും. കരുണ നമ്മെ ശാന്തരാക്കും. വിശ്വസ്തത നമ്മെ ധൈര്യപ്പെടുത്തും. വിനയം നമ്മെ സൗമ്യരാക്കും. സത്യത്തിൽ യൗവ്വനകാലത്ത് ജീവിക്കേത് ഇങ്ങനെയൊക്കെയാണ് സുഹൃത്തേ!

വാർത്തകൾ

പള്ളം ഗ്രൂപ്പ് വാർഷികം

കുഴിമറ്റം: യുവജനപ്രസ്ഥാനം പള്ളം ഗ്രൂപ്പ് വാർഷികം ഏപ്രിൽ 31-ന് കുഴിമറ്റം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. എ വി. വർഗീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പള്ളം ഗ്രൂപ്പ് പ്രസിഡണ്ട് ഫാ. സഖറിയ നൈനാൻ ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ച് നടന്ന ബോധവൽക്കരണ സെമിനാറും നടത്തപ്പെട്ടു.

കാതോലിക്കാ ദിനാഘോഷം

കുഴിമറ്റം: കാതോലിക്കാ സിംഹാസനത്തോടുള്ള അഖണ്ഡതയും കൂറും ഉറപ്പിച്ചുകൊണ്ട് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 31 -ന് ഇടവകയിൽ കാതോലിക്കാ ദിനം വിപുലമായി ആഘോഷിച്ചു. പതാക ഉയർത്തലിനു ശേഷം ഇടവകാംഗങ്ങൾക്ക് മധുരം വിതരണം ചെയ്തു.

വി ടേൺ

കുഴിമറ്റം: സമൂഹത്തെ കാർന്നു തിന്നുന്ന അർബുദം - 'ലഹരി' - എന്ന രോഗത്തെ ഉന്മൂലനം ചെയ്യുവാൻ, ഇടവകാംഗങ്ങൾക്കിടയിൽ ചലനം സൃഷ്ടിക്കുവാനായി രൂപം നൽകിയ പദ്ധതി, ഇടവകാംഗങ്ങളുടെ ഒപ്പുശേഖരിച്ചു തുടങ്ങിയ ഈ പദ്ധതിയുടെ ഉദ്ഘാടനം ഇടവക ട്രസ്റ്റി ശ്രീ പി. ഐ. സാബു നിർവ്വഹിച്ചു.

പ്രകൃതി പഠനയാത്ര

കുഴിമറ്റം: പ്രകൃതിയെ അടുത്തറിയുവാനും, യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മൂന്നാറിലേക്ക് പ്രകൃതി പഠനയാത്ര നടത്തപ്പെട്ടു.

വിദ്യാദീപം

കുഴിമറ്റം: യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കുഴിമറ്റം സെന്റ് ജോർജ് എൽ. പി. എസ്. ലെ മുഴുവൻ കുട്ടികൾക്കും പ്രസ്ഥാനാംഗങ്ങളായ കുട്ടികൾക്കും പഠനോപകരണങ്ങൾ സ്കൂൾ വർഷത്തിൽ വിതരണം ചെയ്തു.

ഹരിതശോഭ

കുഴിമറ്റം: ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് ജൂൺ5-ന് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വൃക്ഷതൈകൾ വിതരണം ചെയ്തു.

നിറക്കൂട്ട് 2011

കുഴിമറ്റം: കുഴിമറ്റം എന്ന കൊച്ചുഗ്രാമത്തെ കോട്ടയം ജില്ലാ ഭൂപടത്തിൽ ഉയർത്തിക്കാട്ടിയ ചിത്രരചനാ മത്സരം. കഴിഞ്ഞ 12 വർഷക്കാലമായി നടത്തിവരുന്ന ഈ മത്സരം പങ്കാളിത്തം കൊണ്ടും, സംഘടനാ മികവു കൊണ്ടും ഇത്തവണയും മുക്തകണ്ഠ പ്രശംസ ഏറ്റുവാങ്ങി. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ ചിത്രരചനാ മത്സരത്തിൽ 800-ലധികം കുട്ടികൾ മാറ്റുരച്ചു. നിറക്കൂട്ട് - 2011 ൽ വിജയികളായവർക്കുള്ള അവാർഡുകൾ ജില്ലാ കളക്ടർ ശ്രീമതി മിനി ആന്റണി ഐ. എ. എസ് വിതരണം ചെയ്തു.

യുവജനപ്രസ്ഥാനത്തിന്റെ നേതൃനിര

ഫാ. എ. വി. വർഗീസ് (പ്രസിഡണ്ട്)



രാജ് ഫിലിപ്പ് (വൈസ് പ്രസിഡണ്ട്)

വിശാൽ അലക്സ് (സെക്രട്ടറി)



ജോൺസൺ പി. ഏബ്രഹാം (ജോ. സെക്രട്ടറി)



റോജി പി. റോയ് (ജോ. സെക്രട്ടറി)

സ്വാതന്ത്ര്യദിനാഘോഷം

കുഴിമറ്റം: ഭാരതത്തിന്റെ 65-ാം സ്വാതന്ത്ര്യദിനം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ ആഘോഷിച്ചു. വന്ദ്യ യാക്കോബ് റമ്പാൻ അന്നേദിവസം ദേശീയപതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. മധുരം വിതരണം ചെയ്തു.

Dream & Reality

കുഴിമറ്റം: ഭാവിപദ്ധതികൾ യുവജനങ്ങളിൽ ആസൂത്രണം ചെയ്യുന്നതിന് വേണ്ട ഊർജ്ജം പകരുവാൻ വിവിധമേഖലകളിലെ പ്രശസ്തർ നൽകുന്ന മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ. കടന്നു ചെല്ലാനാകുന്ന മേഖലകളിലെ വിദഗ്ദർ നയിക്കുന്ന ഇത്തരം ക്ലാസ്സുകൾ ഭാവിയിലേക്ക് വേണ്ട മുതൽക്കൂട്ടാണ്. ഇതിന്റെ ഉത്ഘാടനം 'മാധ്യമങ്ങളും മാറുന്ന കാലവും' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സ് നയിച്ചുകൊണ്ട് മലയാള മനോരമ സീനിയർ സബ് എഡിറ്റർ ശ്രീ സുനീഷ് തോമസ് ഉദ്ഘാടനം ചെയ്തു.

ജോസഫ് റമ്പാന്റെ ജന്മദിനാഘോഷം

നമ്മുടെ ഇടവകയുടെയും യുവജനപ്രസ്ഥാനത്തിന്റെയും താങ്ങും തണലുമായി നിൽക്കുന്ന വന്ദ്യ ജോസഫ് റമ്പാന്റെ ജന്മദിനാഘോഷം ആഗസ്റ്റ് 15-ന് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കുഴിമറ്റം ബഥനി ആശ്രമത്തിലെ അന്തേവാസികളോടൊപ്പം ആഘോഷിച്ചു.

നവദമ്പതികൾക്ക് ആശംസകൾ



മാമ്മൂട്ടിൽ സോനാ ഏബ്രഹാമും അജയിയും

പാട്ടത്തിൽ അനിൽ പി. അലക്സാണ്ടറും റീനുവും

കുന്നങ്കര വല്യത്തിൽ അമൃത മേരി ജോർജും അമിത്തും

തയ്യിൽ അനൂപ് വർഗീസും നിതയും

മുതലകേരിൽ രാജ് ഫിലിപ്പും ജോൺസിയും

– യുവജനപ്രസ്ഥാനാംഗങ്ങൾ

ചിറപ്പുറത്ത് ജേക്കബ് സി. കുറിയാക്കോസും ബിനിതയും

– യുവജനപ്രസ്ഥാനാംഗങ്ങൾ

Printed and Published by Fr. A. V. Varghese, President St. George Youth Movement, Kuzhimattom. Editor: Sajin P. Sajan Pattasseril, Kuzhimattom P. O. Mob: 9496324519
Printed at Sophia Print House, Thekkenada, Kottayam 99471 20697